പോലീസ് വകുപ്പ്

കേരളം

## PROCEEDINGS OF THE DISTRICT POLICE CHIEF

**ജില്ലാ പോലീസ് ഓഫീസ്, ഇടുക്കി**

**സാന്നിദ്ധ്യം : മധു പികെ ഐപിഎസ്**

വിഷയം : ശ്രീ. ജോസ് പ്രകാശ്, സിപിഒ U 3755 (PEN No. 143172) നെതിരെയുള്ള അച്ചടക്ക നടപടി-വാച്യാന്വേഷണം തീർപ്പ് ഉത്തരവാകുന്നു.

സൂചന : 1. കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ 11.072011 തീയതിയിലെ H1/27766/2011/Q നമ്പർ റിപ്പോർട്ടും അനുബന്ധ രേഖകളും.

2. ഈ ഓഫീസിലെ 02.08.2011 തീയതിയിലെ H1/15745/2011/ID നമ്പർ ഉത്തരവ്

3. ഈ ഓഫീസിലെ 04.03.2014 തീയതിയിലെ 129/2014/ID നമ്പർ ജില്ലാ ഉത്തരവ്

4. അസിസ്റ്റൻറ് കമാണ്ടൻറ് ഇടുക്കി 14.03.2015 തീയതിയിൽ സമർപ്പിച്ച 239/2014/AC-1/AR- ID നമ്പർ ശിക്ഷാനടപടിക്കുറിപ്പുകൾ.

5. ഈ ഓഫീസിലെ 17.02.2020 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5. 02.03.2020 തീയതിയിൽ ടിയാൻ നല്കിയ വിശദീകരണം.

**ഉത്തരവ് നമ്പർ : H1-15745/2011/ID തീയതി. 08-05-2020**

**(H1/03/PR/2012/ID)**

ശ്രീ. ജോസ് പ്രകാശ്, സിപിഒ 3755 ഇടുക്കി എആർ ക്യാമ്പിൽ പ്രവർത്തിയെടുത്ത് വരവെ, 13.05.2011 തീയതി രാത്രി 09.30 മണിയോടെ കൊല്ലം തെക്കും ഭാഗത്തുള്ള ടിയാൻറെ വീടിന് മുമ്പിലൂടെ മോട്ടോർ സൈക്കിൾ വേഗത്തിൽ ഓടിച്ച് പോയതിലുള്ള വിരോധം നിമിത്തം ടി പ്രദീപിന്റെ വീട്ടിൽ ചെന്ന് അസഭ്യം പറയുകയും മാരകായുധങ്ങൾ ടിയാനെ ഉപദ്രവിക്കുകയും തദ്വാര കൊല്ലം തെക്കുംഭാഗം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 419/11 നമ്പർ കേസിൽ പ്രതിയാവുകയും ചെയ്തിട്ടുള്ളതായി സൂചന 1 പ്രകാരം കൊല്ലം ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിട്ടുള്ളതും.

അച്ചടക്ക സേനയിലെ ഉത്തരവാദിത്വപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻ എന്ന നിലയിൽ കൃത്യ നിഷ്ഠയോടും ഉത്തരവാദിത്വത്തോടുകൂടിയും, മാന്യമായും മാതൃകാപരമായും ജോലി ചെയ്യുവാനും പൊതുജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുവാനും ബാധ്യസ്ഥനുമായ ടിയാൻറെ മേൽ പ്രവർത്തി അതീവ ഗുരുതരമായ ക്രിമിനൽ കുറ്റവും കേരളാ പോലീസിന്റെ അന്ത:സ്സിന് വളരെ കോട്ടം വരുത്തുന്ന പ്രവർത്തിയും, പെരുമാറ്റ ദൂഷ്യവും അച്ചടക്ക ലംഘനവും, ഉത്തരവാദിത്വരാഹിത്യവും ഒരു പോലീസ് ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്നും ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തതുമാണെന്ന് പ്രഥമ ദൃഷ്ട്യാബോധ്യമാകയാൽ സൂചന 2 പ്രകാരം ടിയാനെ അന്വേഷണവിധേയമായി സർവീസിൽ നിന്നും സസ്പെന്റ് ചെയ്തു കൊണ്ടും മേൽപ്പറഞ്ഞ ആരോപണങ്ങളെക്കുറിച്ച് 1958-ആം ആണ്ടിലെ കേരളാ പോലീസ് വകുപ്പ് അന്വേഷണവും ശിക്ഷയും അപ്പീലും ചട്ടങ്ങളിലെ 6 ആം വകുപ്പ് പ്രകാരം വിശദമായ ഒരു വാച്യാന്വേഷണം നടത്തി ശിക്ഷാനടപടികുറിപ്പുകൾ സമർപ്പിയ്ക്കുന്നതിന് ഈ ചട്ടങ്ങളിലെ 8(i)(iii) വകുപ്പ് പ്രകാരം അസിസ്റ്റൻറ് കമാണ്ടൻറ് ഇടുക്കിയെ ചുമതലപ്പെടുത്തികൊണ്ട് സൂചന 3 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. സൂചന 3 പ്രകാരം ടിയാനെ സർവീസ്സിൽ തിരികെ പ്രവേശിപ്പിച്ചിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥൻ നിയമപ്രകാരമുള്ള അന്വേഷണം പൂർത്തിയാക്കി സൂചന 4 പ്രകാരം ശിക്ഷാ നടപടിക്കുറിപ്പുകൾ തീർപ്പ്

കൽപ്പിക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

മേല്പറഞ്ഞ ശിക്ഷാ നടപടിക്കുറിപ്പുകളും അനുബന്ധരേഖകളും വിശദമായി പരിശോധിച്ചതിൽ ടിയാനെതിരെയുള്ള ആരോപിതകുറ്റങ്ങൾ തെളിയുന്നുണ്ടെന്നുള്ള അന്വേഷണഉദ്യോഗസ്ഥന്റെ നിഗമനങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. വാച്യാന്വേഷണവേളയിൽ ശേഖരിച്ച സാക്ഷിമൊഴികളും മറ്റ് രേഖകളും സാഹചര്യത്തെളിവുകളും ഉന്നയിക്കപ്പെട്ട കുറ്റങ്ങളെല്ലാം ടിയാൻ ചെയ്തിട്ടുള്ളതായി സ്ഥാപിക്കുവാൻ പര്യാപ്തമാണ്. സമൂഹത്തിൽ മറ്റുള്ളവർക്ക് മാതൃകയായി പെരുമാറുവാൻ ബാധ്യസ്ഥനായ ടിയാൻ മേൽ പറഞ്ഞ ക്രൈം കേസ്സിൽ പ്രതിയാവുക വഴി തികഞ്ഞ അച്ചടക്ക ലംഘനവും, സ്വഭാവദൂഷ്യവും, പൊതുജന മദ്ധ്യേ പോലീസ് സേനായ്ക്കകെ അവമതിപ്പ് വരുത്തിവയ്ക്കുകയും ചെയ്തു എന്ന തെളിഞ്ഞ കുറ്റത്തിനുള്ള ശിക്ഷയായി ആരോപണവിധേയനായ ശ്രീ. ജോസ് പ്രകാശ്, സിപിഒ U 3755 നെ സർവീസ്സിൽ നിന്നും നീക്കം ചെയ്യുവാൻ (Removal from service) താത്കാലികമായി തീരുമാനിക്കുകയും ഈ തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുവാൻ കാരണമെന്തെങ്കിലുമുണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കുന്നതിന് സൂചന 5 പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

കാരണം കാണിക്കൽ നോട്ടീസ് കുറ്റാരോപിതൻ 22.02.2020 തീയതിയിൽ കൈപ്പറ്റിയിട്ടുള്ളതും സൂചന 5 പ്രകാരമുള്ള വിശദീകരണം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി വിശദീകരണം പരിശോധിച്ചതിൽ താത്കാലിക തീരുമാനത്തിൽ നിന്നും വ്യതിചലിയ്ക്കത്തക്ക യാതൊന്നും ടിയാൻ ബോധിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ **ശ്രീ. ജോസ് പ്രകാശ്, സിപിഒ U 3755 നെ ഉത്തരവ് തീയതി മുതൽ സർവീസ്സിൽ നിന്നും നീക്കം ചെയ്തുകൊണ്ട് (Removal from service)** ഇതിനാൽ ഉത്തരവാകുന്നു.

മേൽപ്പറഞ്ഞ ഉത്തരവിനെതിരെ ഇതിന്റെ പകർപ്പ് കൈപ്പറ്റുന്ന തീയതി മുതൽ 60 ദിവസത്തിനകം ബഹുമാനപ്പെട്ട എറണാകുളം മേഖല ഡെപ്യൂട്ടി പോലീസ് ഇൻസ്പെക്ടർ ജനറൽ മുൻപാകെ അപ്പീൽ സമർപ്പിയ്ക്കാവുന്നതാണ്.

08-05-2020

മധു പികെ ഐപിഎസ്,

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ശ്രീ. ജോസ് പ്രകാശ്, സിപിഒ U 3755 ന് , AC AR മുഖേന.

പകർപ്പ് : AC AR ന് ടിയാനുള്ള പകർപ്പ് സഹിതം. ഒരു പകർപ്പ് ടിയാന് നല്കി മറുപകർപ്പിൽ തീയതിയോടു കൂടിയ ലക്ഷ്യം വാങ്ങി മടക്കി നല്കേണ്ടതാണ്.

സംസ്ഥാന പോലീസ് മേധാവി കേരളം, അഡിഷണൽ പോലീസ് ഡയറക്ടർ ജനറൽ (ലോ & ഓർഡർ), പോലീസ് ഇൻസ്പെക്ടർ ജനറൽ ദക്ഷിണമേഖല തിരുവനന്തപുരം, പോലീസ് ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ എറണാകുളം റേഞ്ച് എന്നിവർക്ക് ഉപരിപത്രം സഹിതം .

അഡീ. എസ് പി, എ.എ, മാനേജർ, എ.ഒ , ഡിപിസി യുടെ സി എ എന്നിവർക്ക്.

A1, A2, A5(b),A6, F1(a), F2, F3(C) സെക്ഷനുകൾക്ക് അറിവിനും അനന്തരനടപടികൾക്കുമായി.

നടപടിക്രമം ഫയൽ .

H1-15745/2011/ID

135509